മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 14 NOVEMBER 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Cover photo: Shutterstock

# പച്ചപ്പിന്റെ
# രണ്ടാം വർഷം

2021–ലെ ശിശുദിനത്തിലാണല്ലോ ആകാശപ്പച്ചയുടെ ആദ്യലക്കം പുറത്തിറങ്ങിയത്. ഈ വർഷം ശിശുദിനത്തിൽ സീഡ് കൂട്ടുകാർ മാതൃഭൂമി പത്രം തയ്യാറാക്കുകയും മാതൃഭൂമി ന്യൂസ് ചാനലിൽ വാർത്ത അവതരിപ്പിക്കുകയും ചെയ്യുന്ന തിരക്കിലായിരുന്നല്ലോ. ആ തിരക്കുകൾക്കിടയിലാവേണ്ട എന്ന് കരുതിയാണ് ആകാശപ്പച്ചയുടെ പുതിയ പതിപ്പ് പതിന്നാലാം തീയതിയിൽനിന്ന് അല്പം മുന്നോട്ടാക്കിയത്. പ്രസിദ്ധീകരണത്തിന്റെ രണ്ടാംവർഷത്തിലേക്ക് കടക്കുന്ന ആകാശപ്പച്ചയിലേക്ക് കൂടുതൽ പുതുമകളുള്ള രചനകളും ചിത്രങ്ങളും അയക്കുന്ന വിദ്യാർഥികൾക്കും സീഡ് കോഡിനേറ്റർമാരായ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

എഡിറ്റോറിയൽ

# കുടലിനുള്ളിലെ ആരോഗ്യം

ജീവികളുടെ ആരോഗ്യത്തിന് കുടലുമായി വലിയ ബന്ധമുണ്ടെന്നാണ് പുതിയ പഠനങ്ങൾ സ്ഥിരീകരിക്കുന്നത്. വേവിച്ച ആഹാരങ്ങൾക്കൂടി കഴിക്കുന്ന മനുഷ്യരുടെ ആരോഗ്യത്തിൽ കുടലിന്റെ പ്രാധാന്യം വളരെ വലുതാണ്. ദഹനത്തെയും ആരോഗ്യത്തെയും നേരിട്ട് ബാധിക്കുന്ന നിരവധിയിനം സൂക്ഷ്മജീവികൾ നമ്മുടെ കുടലിൽ വസിക്കുന്നുണ്ട്. ഭക്ഷണത്തിലൂടെ അമിത അളവിൽ രാസവസ്തുക്കളും മറ്റും വയറ്റിലെത്തിയാൽ ഉപകാരികളായ ഈ സൂക്ഷ്മജീവികളിൽ പലതും ഇല്ലാതാവാനിടയുണ്ട്. ഇവയുടെ അഭാവം പലതരം ആരോഗ്യപ്രശ്നങ്ങൾക്കും ഇടയാക്കുമെന്നാണ് പഠനങ്ങളിൽ തെളിയുന്നത്. പ്രകൃതിയോടിണങ്ങി അതിനനുസരണമായ ഭക്ഷണം കഴിക്കുന്ന ആളുകൾ കൂടുതൽ ആരോഗ്യവാന്മാരായിരിക്കുമെന്നും രോഗങ്ങൾ ഇവരെ ബാധിക്കുന്നതിന്റെ തോത് കുറവായിരിക്കുമെന്നുമാണ് പുതിയ പഠനങ്ങൾ നൽകുന്ന സൂചന.





# ഉഷ്ണമേഖലാ മഴക്കാടുകൾ

**ഭൂ**മധ്യരേഖയ്ക്ക് സമീപത്തായി കാണപ്പെടുന്ന വനങ്ങളാണ് ഉഷ്ണമേഖലാ മഴക്കാടുകൾ. മറ്റുള്ള വനങ്ങളെയപേക്ഷിച്ച് വൃക്ഷവൈവിധ്യത്താൽ ശ്രദ്ധേയമാണ് ഉഷ്ണമേഖലാ വനങ്ങൾ. തെക്കേ അമേരിക്കയിലെ ആമസോൺ നദീതടം, ആഫ്രിക്കയിലെ കോംഗോ നദീതടം, ഏഷ്യയുടെ തെക്കുകിഴക്കൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലായാണ് പ്രധാനമായും ഉഷ്ണമേഖലാ മഴക്കാടുകൾ വ്യാപിച്ചിരിക്കുന്നത്. ഇവിടത്തെ വൃക്ഷങ്ങളിൽ 75 ശതമാനത്തിലധികവും വീതിയേറിയ ഇലകളോടുകൂടിയവയാണ്. വരണ്ട കാലാവസ്ഥ ഇവിടെ അനുഭവപ്പെടാറില്ല. ഭൂമിയിലെ കരഭാഗത്തിന്റെ ഏഴുശതമാനത്തോളം പ്രദേശത്ത് ഉഷ്ണമേഖലാ മഴക്കാടുകൾ വ്യാപിച്ചിരിക്കുന്നതായി കണക്കാക്കുന്നു.

റിങ്കിത് രാജ്, ക്ലാസ്-6
വേമംഗലം യു.പി. സ്കൂൾ
കോഴിക്കോട്

കേരളം അറിയാൻ

# ഭൂമിയും മനുഷ്യനും

**ഭൂ**മിയുടെ ജീവശാസ്ത്രപരവും ഭൗതികവുമായ ഘടകങ്ങളെക്കുറിച്ചുള്ള പഠനം എളുപ്പത്തിലാക്കാനായി വിശാലമായ നാല് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ലിത്തോസ്ഫിയർ, ഹൈഡ്രോസ്ഫിയർ, ബയോസ്ഫിയർ, അറ്റ്മോസ്ഫിയർ. ഭൂമിയുടെ കരഭാഗത്തിന്റെ ഏറ്റവും മുകളിലെ പാളിയെ ലിത്തോസ്ഫിയർ എന്ന് വിളിക്കുന്നു, ഇത് പാറകളും ധാതുക്കളും അടങ്ങിയ പാളിയാണ്. സമുദ്രങ്ങൾ, നദികൾ, തടാകങ്ങൾ, കുളങ്ങൾ തുടങ്ങി വിവിധതരം ജലാശയങ്ങൾ ഹൈഡ്രോസ്ഫിയറിൽ ഉൾക്കൊള്ളുന്നു. ജലബാഷ്പം, വാതകങ്ങൾ, പൊടിപടലങ്ങൾ എന്നിവയടങ്ങിയ അന്തരീക്ഷം ഭൂമിക്കു ചുറ്റുമുള്ള വായുവിന്റെ പാളിയാണ്. ഇതാണ് ബയോസ്ഫിയർ. മനുഷ്യരും സസ്യങ്ങളും മൃഗങ്ങളും അടങ്ങുന്ന ജീവലോകമാണ് ഈ ജൈവമണ്ഡലം. ഭൂമിക്ക് ചുറ്റുമുള്ള വായുവിന്റെ മുകൾഭാഗമാണ് അറ്റ്മോസ്ഫിയർ എന്നറിയപ്പെടുന്നത്. പരിസ്ഥിതിയെന്നത് മുകളിൽ പറഞ്ഞ എല്ലാ ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഭൂമിയിലെ പരമോന്നത ബൗദ്ധികശക്തിയായതിനാൽ, പരിസ്ഥിതിയുടെ ആരോഗ്യം മനുഷ്യരുടെ കൈകളിലാണെന്ന് മറക്കരുത്.





മുഹമ്മദ് സാലിക്, ക്ലാസ്-7
അടക്കത് ബെലി ജി.യു.പി. സ്കൂൾ
കാസർകോട്



മാതൃഭൂമി ആകാശപ്പച്ച
2022 നവംബർ

ചിറകുള്ള ചങ്ങാതിമാർ



# ആനറാഞ്ചിപ്പക്ഷി

## Black drongo

**ഡ്രോം**ഗോ കുടുംബത്തിലെ ചെറിയ ഏഷ്യൻ പാസറൈൻ പക്ഷിയാണ് ബ്ലാക്ക് ഡ്രോംഗോ. മുൻപ് ബ്ലാക്ക് ഡ്രോംഗോ ആഫ്രിക്കൻ ഫോർക്ക് ടെയിൽഡ് ഡ്രോംഗോയുടെ ഉപജാതിയായി കണക്കാക്കപ്പെട്ടിരുന്നു; എന്നാൽ ഇപ്പോൾ ഇത് ഒരു പൂർണ ഇനമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഫോർക്ക് ടെയിൽഡ് ഡ്രോംഗോയെ ഭൂമിശാസ്ത്രപരമായി, ആഫ്രിക്കയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. അതേസമയം ബ്ലാക്ക് ഡ്രോംഗോ ഒരു ഏഷ്യൻ ഇനമാണ്. പ്രാണികളെ ഭക്ഷിക്കുന്ന, തുറസ്സായ കാർഷികമേഖലകളിലും ചെറുവനങ്ങളിലും ഇവയെ സാധാരണമായി കാണാം.

അനന്യ
ജി.യു.പി.എസ്. കോങ്ങാട്
പാലക്കാട്






പി.എ. അതുൽ
ജവാഹർ നവോദയ വിദ്യാലയം
മായന്നൂർ, തൃശ്ശൂർ

കൃഷിക്കാര്യം



# ഫിഷ് അമിനോ ആസിഡ്

ഫിഷ് അമിനോ ആസിഡ് ജൈവവളമായും ജൈവകീടനാശിനിയായും ഉപയോഗിക്കാം.

**ആവശ്യമായ സാധനങ്ങൾ:** മത്സ്യം 2 കിലോ, ശർക്കര 2 കിലോ, അടപ്പുള്ള പാത്രം.

**തയ്യാറാക്കുന്ന വിധം:** മത്തി ചെറിയ കഷണങ്ങളായി നുറുക്കിയെടുക്കുക. ശർക്കര പൊടിച്ചെടുക്കുക. വൃത്തിയുള്ള പാത്രത്തിൽ ആദ്യം ഒരു ലെയർ ശർക്കര ഇടുക. അതിന് മുകളിലായി ഒരു ലെയർ നുറുക്കിയ മത്തി ഇടുക. വീണ്ടും ശർക്കരയും മത്തിയും ലെയർ ലെയർ ആയി ഇടുക. എന്നിട്ട് പാത്രം നന്നായി അടച്ച് സൂര്യപ്രകാശം ഏൽക്കാത്തിടത്ത് സൂക്ഷിച്ചുവെയ്ക്കുക. 45–60 ദിവസങ്ങൾക്കുശേഷം വൃത്തിയായി അരിച്ചെടുക്കുക. ഇത് തയ്യാറാക്കുമ്പോൾ വെള്ളം ചേർക്കരുത്.പാത്രം വായു കടക്കാത്ത രീതിയിൽ അടച്ചുവെയ്ക്കണം. അല്ലെങ്കിൽ ഇതിൽ പുഴുക്കളുണ്ടാകാൻ സാധ്യതയുണ്ട്.

**ഉപയോഗിക്കുന്ന വിധം:** 23 മില്ലി, ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ സ്പ്രേചെയ്തുകൊടുക്കാം. 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ചെടിയുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കാം.

**ഗുണങ്ങൾ:** ഇത് മണ്ണിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നു. ചെടികൾ പൂക്കാനും പൂക്കളും കായ്കളും കൊഴിഞ്ഞുപോകാതിരിക്കാനും സഹായിക്കുന്നു. വെള്ളീച്ചപോലുള്ള കീടങ്ങൾ വരാതിരിക്കാനും സഹായിക്കുന്നു. ചെടികളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നു.

ശ്രീകാന്ത് പി., ക്ലാസ് -8
എം.കെ.എച്ച്.എസ്.എസ്. വേങ്ങൂർ
എറണാകുളം

# കാട്ടിൽ പിറന്നവർ

"കാട് കാട് കറുത്ത കാട്
മനുഷ്യനാദ്യം പിറന്ന വീട്
കൊടും കാറ്റിൽ ചിറകു വീശി
തളർന്ന പൊന്മാനിരുന്ന കൂട്..."

**ഈ** ചലച്ചിത്രഗാനം പുതിയകാലത്ത് വളരെ പ്രസക്തമാണ്. കാട് സമൃദ്ധമായി ഉണ്ടായിരുന്നപ്പോൾ മനുഷ്യരും കാടും തമ്മിലുള്ള ബന്ധം ഇന്നത്തെതിനെക്കാൾ ഏറെ മെച്ചമായിരുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ നമ്മൾ പരാജയപ്പെട്ടത് നമ്മുടെ ജീവിതത്തെ പലതരത്തിലും പ്രതികൂലമായി ബാധിച്ചു. ജൂൺ 5 എന്ന ഒരു ദിവസത്തിൽ മാത്രം ഒതുങ്ങിപ്പോവാതെ, പരിസ്ഥിതിയെ നശിപ്പിക്കുന്നതരത്തിലുള്ള ഒരു പ്രവൃത്തിയും ഒരിക്കലും ചെയ്യില്ല എന്ന് നമ്മൾ തീരുമാനിക്കേണ്ടിയിരിക്കുന്നു. അത് പാലിക്കുന്ന ഒരു സമൂഹം ഉണ്ടാവുമ്പോഴേ പ്രകൃതി ശരിയായി സംരക്ഷിക്കപ്പെടൂ. എങ്കിലേ നമുക്കും ആരോഗ്യത്തോടെ ജീവിക്കാനാവൂ. അല്ലെങ്കിൽ 'കൊടും കാറ്റിൽ ചിറകുവീശി തളർന്ന പൊന്മാനിരുന്ന കൂട്' പോലെയായിത്തീരും നമ്മുടെ ഭൂമി.

ഗാനരചന: വയലാർ രാമവർമ
സംഗീതം: സലിൽ ചൗധരി
പാടിയത്: കെ.ജെ. യേശുദാസ്
ചിത്രം: നീലപ്പൊന്മാൻ

ആഷാ മനോ
ടൈനി ടോട്സ് ജൂനിയർ സ്കൂൾ
തോണ്ടൻകുളങ്ങര, ആലപ്പുഴ

ഇത് അതിശയം തന്നെ

# വരയില്ലാത്ത ‘വരയാടുകൾ’

പ്രകൃതിസമ്പുഷ്ടമായ നീലഗിരിക്കുന്നുകളിൽ കാണപ്പെടുന്ന ആടിനമാണ് വരയാടുകൾ. തമിഴ്നാട്ടിലും കേരളത്തിലുമായി വ്യാപിച്ചുകിടക്കുന്ന പ്രത്യേക ആവാസവ്യവസ്ഥയിൽ മാത്രം കാണപ്പെടുന്ന ഇവ തമിഴ്നാടിന്റെ സംസ്ഥാനമൃഗമാണ്. പാറക്കെട്ടുകൾക്കിടയിലൂടെ അനായാസം സഞ്ചരിക്കുന്ന ഇവയ്ക്ക് പാറയുടെ നിറത്തോട് യോജിക്കുന്ന നിറമാണ്. ശത്രുക്കളിൽനിന്ന് രക്ഷനേടാൻ ഇത് സഹായിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷനേടാൻ ചെങ്കുത്തായ പാറക്കെട്ടുകൾക്കിടയിലാണ് ഇവ പ്രസവിക്കുന്നത്. തമിഴ്ഭാഷയിൽ ‘വരൈ’എന്ന വാക്കിനർഥം പാറ എന്നാണ്. പാറമുകളിൽ താമസിക്കുന്നവ എന്ന അർഥത്തിൽ ഇവയെ വരയാട് എന്ന് വിളിക്കുന്നു. കേരളത്തിലെ ഇരവികുളം ദേശീയോദ്യാനം വരയാടുകളുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ളതാണ്.



അഭിനയ മുരുകൻ, ക്ലാസ് -6
എസ്.എൻ.യു.പി.എസ്. പോത്തിൻകണ്ടം
ഇടുക്കി

തെറ്റ് ശരി

# ഏറ്റവും വലിയ മുട്ട!

**ലോ**കത്തിലെ ഏറ്റവും വലിയ മുട്ട ഒട്ടകപ്പക്ഷിയുടെതാണെന്ന് നമ്മൾ പഠിച്ചിട്ടുണ്ട്. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ മുട്ടയെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിമിംഗിലസ്രാവിന്റെ മുട്ടയാണ്.

എന്നാൽ തിമിംഗിലസ്രാവ് മുട്ടയിടുകയോ വിരിയിക്കുകയോ ചെയ്യുന്നില്ല. അമ്മത്തിമിംഗിലസ്രാവിനുള്ളിൽ വെച്ചുതന്നെ മുട്ട വിരിയുന്നു. സാങ്കേതികമായി പറഞ്ഞാൽ, തിമിംഗിലസ്രാവ് മുട്ടയിടുന്നതിന് പകരം മുട്ടവിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾക്കാണ് ജന്മംനൽകുന്നത്. തിമിംഗിലസ്രാവ് സസ്തനിയായതിനാലും സസ്തനികൾ മുട്ടയിടാത്തതിനാലും ഏറ്റവും വലിയ മുട്ടയിടുന്ന ജീവി എന്ന മികവ് ഒട്ടകപ്പക്ഷിക്കുതന്നെ.





സന്ദീപ് സി.എസ്.
എസ്.എം.എസ്.എൽ.പി.എസ്.
വൈക്കം, കോട്ടയം

# കാത്തുവയ്ക്കാം മക്കൾക്കായി

പാടം നികത്തിയാലും മണൽ വാരി പുഴ നശിച്ചാലും വനം വെട്ടിയാലും മാലിന്യം കൂമ്പാരംകൂടിയാലും കുന്നിടിച്ചാലും ഞങ്ങൾക്ക് യാതൊരു പ്രശ്നവുമില്ല എന്ന് കരുതുന്നവരുടെ കാഴ്ചപ്പാടുകൾ മാറേണ്ടതാണ്. ഇത്തരം പ്രശ്നങ്ങൾ മാനവരാശിയുടെ പ്രശ്നമാണെന്ന് കരുതി ബോധപൂർവമായി ഇടപെട്ട് ഭൂമിയമ്മയെ സംരക്ഷിക്കാൻ നാം തയ്യാറായില്ലെങ്കിൽ, ഇവിടം നമ്മുടെ മക്കൾക്ക് വാസയോഗ്യമല്ലാതായിമാറും. ആഗോളതാപനം, കാലാവസ്ഥാമാറ്റം, വായു–ജല മലിനീകരണം, കടൽ ചൂടാകൽ, മഞ്ഞുമല ഉരുകൽ, വരൾച്ച, പ്രളയം ഇവയൊക്കെ ലോകം അതീവ ശ്രദ്ധയോടെ സമീപിക്കേണ്ട പരിസ്ഥിതിവിഷയങ്ങളാണെന്ന് ഓർക്കണം.



ബീന
സീഡ് ടീച്ചർ കോ ഓർഡിനേറ്റർ
ഗവ. എൽ.പി.എസ്. പാട്ടത്തിൽ
തിരുവനന്തപുരം

പൂവറിവ്

# കനകാംബരം

ഒരുമീറ്ററോളം പൊക്കംവയ്ക്കുന്ന ബഹുവർഷിസസ്യമാണ് കനകാംബരം. പളാ നേറ്റേ സാമ്രാജ്യത്തിലെ ക്രോസ്സാൻഡ്ര ജനുസ്സിലെ അക്കാന്തേസി കുടുംബക്കാരനാണ്. ക്രോസ്സാൻഡ്ര ഇൻഫണ്ടി ബുലിഫോർമിസ് എന്നാണ് ശാസ്ത്രനാമം. ഇതിന് ഫയർ ക്രാക്കർ പൂവ് എന്ന് അപരനാമമുണ്ട്. ഗോവയുടെ സംസ്ഥാനപുഷ്പമാണ്. സംസ്കൃതത്തിലും ഹിന്ദിയിലും കന്നടയിലും സ്വർണനിറമുള്ള വസ്ത്രം എന്ന അർഥത്തിൽ ഇതിനെ കനകാംബര എന്ന് വിളിക്കുന്നു. നിത്യഹരിത ഉദ്യാനസസ്യമായ കനകാംബരം മറാഠിയിൽ ആബോലി എന്നാണ് അറിയപ്പെടുന്നത്.



ഷീന സി.കെ.
സീഡ് കോഡിനേറ്റർ
ജാനകി മെമ്മോറിയൽ യു.പി. സ്കൂൾ
ചെറുപുഴ, കണ്ണൂർ

വർണച്ചിറക്

കവിത

# പ്രകൃതീശ്വരി

നീയാണെൻ
മാനസ പത്മതീർത്ഥം
നിന്നിലേക്കെത്തുവാൻ
നിന്നിലലിയുവാൻ
വൈകുവതെന്തേ?
നിന്നെക്കുറിച്ചുള്ള
ചിന്തയിലത്രയും
ആശ്ചര്യപ്പൂക്കൾ
വിടർന്നിടുന്നു.
എന്നിട്ടുമെന്തേ
നിയറിഞ്ഞില്ല
എൻ സ്നേഹവശ്യ
സുഗന്ധമൊന്നും.

ആവണി പി.എസ്. ,ക്ലാസ് -7
എം.കെ.എച്ച്.എസ്.എസ്. വേങ്ങൂർ
എറണാകുളം

വർണച്ചിറക്

കഥ

# എന്റെ തേന്മാവ്

മഴ പെയ്തുതുടങ്ങിയപ്പോൾ ഗൃഹനാഥൻ ചോദിച്ചു: "പണി കഴിഞ്ഞോ?"

"നല്ല മഴയല്ലേ, ഇന്ന് പണി തീരുമെന്ന് തോന്നുന്നില്ല...", ജോലിക്കാർ പറഞ്ഞു. അങ്ങനെ മുറ്റത്ത് വെട്ടിയിട്ട തേന്മാവിന്റെ തടി ലോറിയിൽ കയറ്റാനാവാതെ അവർ മടങ്ങി.

****

എന്തൊരദ്ഭുതം...തേന്മാവ് ഒരുപാട് ഉയരത്തിൽ വളർന്നിരിക്കുന്നു. നിറയെ പൂക്കളും മാമ്പഴവും ചില്ലകളിൽ നിറയെ കിളികളും... ഹായ് നല്ല പഴുത്ത മാമ്പഴം... എന്ത് രുചി... ഉറക്കത്തിനിടെ ഒച്ച കേട്ട് രാജുവിന്റെ അച്ഛൻ വഴക്കുപറഞ്ഞു:

"എടാ കുരുത്തംകെട്ടവനേ... നീ എന്താ പുതപ്പ് തിന്നുകയാണോ... എഴുന്നേൽക്കെടാ..."

അവൻ ഞെട്ടിയുണർന്ന് പുറത്തേക്കോടി. "പാവം എന്റെ തേന്മാവ്... അയ്യോ... എവിടെ നിന്റെ ശിഖരങ്ങളൊക്കെ... നിന്നെ ആരാണ് വെട്ടിയത്..." രാജുവിന്റെ ഉച്ചത്തിലുള്ള കരച്ചിൽ കേട്ട് അച്ഛൻ അടുത്തേക്ക് ചെന്നു: "എന്താടാ കിടന്ന് നിലവിളിക്കുന്നത്?"

"എന്തിനാ അച്ഛാ ഈ തേന്മാവ് മുറിച്ചത്? ഒരുപാട് മാമ്പഴം നമുക്ക് തന്ന മാവല്ലേ?"

"ഇതിന് വയസ്സായി ഇനി ഇതിനെക്കൊണ്ട് ഒരു ഉപകാരവുമില്ല. അതുകൊണ്ട് വിറ്റ് കാശാക്കുന്നതാ നല്ലത്."

രാജുവിന് സങ്കടം സഹിക്കാനായില്ല. മുറിച്ചിട്ട തടികൾക്കരികിലിരുന്ന് അവൻ കരഞ്ഞു. അവിടെ ഒരില കാണുന്നുണ്ടല്ലോ. അവൻ സൂക്ഷിച്ച് നോക്കി. അവന് ആശ്വാസമായി അവിടെ ഒരു മാവിൻതൈ മുളച്ചുവരുന്നുണ്ടായിരുന്നു.

ഫാത്തിമത്ത് നബീല, ക്ലാസ് -6
എ.യു.പി. സ്കൂൾ ഉദിനൂർ, എടച്ചാക്കൈ
കാസർകോട്




Published by Mathrubhumi Seed